


# സന്തോഷമേകുന്ന സങ്കടങ്ങൾ

(യോഹ. 16:16 – 24) Vol. 10, Issue: 54

ബ്ര. റോബി വരകുപാറയ്ക്കൽ MCBS

**ദി**വ്യകാരുണ്യ ഈശോയിൽ സ്നേഹം നിറഞ്ഞവരേ, ഉയിർപ്പുകാലം നാലാം ഞായറാഴ്ച സഭാമാതാവ് നമുക്ക് വിചിന്തനത്തിനായി നൽകുന്നത് വി. യോഹന്നാന്റെ സുവിശേഷം 16:16 - 24 വരെയുള്ള വചനഭാഗമാണ്.

ഒരിക്കൽ അമ്മമാരുടെ ഒരു മീറ്റിംഗിന്റെ അവസാനം നന്ദി പറഞ്ഞത് ഒരു വല്യമ്മച്ചിയായിരുന്നു. ജീവന്റെ മൂല്യത്തെയും പരിപോഷണത്തെയും കുറിച്ചുള്ള ക്ലാസ്സ് കേട്ട ആ അമ്മയുടെ പ്രതികരണം ഇപ്രകാരമായിരുന്നു: "ആദ്യത്തെ പ്രസവനേരത്ത് ഞാൻ തീരുമാനിച്ചു, ഇനിമേലാൽ പ്രസവിക്കില്ലെന്ന്. കാരണം, പ്രസവവേദന അത്രയ്ക്ക് അസഹനീയമായിരുന്നു. എന്നാൽ, എന്റെ തീരുമാനം ഞാൻ വീണ്ടും പന്ത്രണ്ടു തവണ കൂടി പുനഃപരിശോദിച്ചു." പതിമൂന്നു മക്കളെ പ്രസവിച്ച ആ അമ്മയുടെ പ്രതികരണം സദസ്സിൽ ചിരി പടർത്തി.

പ്രസവവേദന അൽപസമയത്തേയ്ക്കാണെങ്കിൽ കുഞ്ഞിന്റെ ജനനം നൽകുന്ന സന്തോഷം സ്തുത്യർഹമാണ്. കുഞ്ഞിന്റെ ജനനവേളയിൽ കുഞ്ഞ് മാത്രം കരയുന്നു. ആ കരച്ചിലിനുവേണ്ടിയാണ് അവർ കാത്തിരുന്നത്. സന്തോഷമാകുന്നതും സന്തോഷമേകുന്നതുമായ സങ്കടങ്ങളെക്കുറിച്ചുള്ള വിവരണമാണ് ഇന്നത്തെ സുവിശേഷത്തിലൂടെ ക്രിസ്തു നൽകുന്നത്.

തന്റെ, ആസന്നമാകുന്ന വേർപാടിന്റെ പശ്ചാത്തലത്തിലാണ് യേശു സംസാരിക്കുന്നത്. സന്തോഷമായി മാറുന്ന സങ്കടത്തിന്റെ ഇടവേള മാത്രമാണ് തന്റെ വേർപാട് എന്ന് ഈശോ തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുകയാണ്. ശിഷ്യരുടെ മുമ്പിൽ രണ്ടു വഴികളുടെ സാധ്യതയാണ് ഗുരു അവതരിപ്പിക്കുന്നത്. സങ്കടത്തിന്റെ കുരിശു ചുമന്ന് സന്തോഷത്തിലേയ്ക്ക് പ്രവേശിക്കുക എന്നതാണ് ആദ്യത്തെ മാർഗ്ഗം. ഇത് ക്രിസ്തുമാർഗ്ഗമാണ്. കുരിശിലൂടെ കിരീടം നേടുന്ന വഴിയാണിത്. രണ്ടാമത്തേതാകട്ടെ, ലോകത്തിന്റെ നൈമിഷിക സന്തോഷങ്ങളിൽ മുഴുകി സമ്പത്തിന്റെയും ആർഭാടങ്ങളുടെയും സുഖലോലുപതയുടെയും പിന്നാലെ സഞ്ചരിച്ച് നിത്യമായ സങ്കടങ്ങളെ അഭിമുഖീകരിക്കുക എന്നതാണ്. നിത്യമായ സന്തോഷത്തിലേയ്ക്ക് പ്രവേശിക്കുവാൻ ഭൗതികജീവിതത്തിലെ താൽക്കാലിക വേദനകൾ സഹിക്കണമെന്ന് സുവിശേഷകൻ നമ്മെ ഓർമ്മപ്പെടുത്തുകയാണിവിടെ.

ഈശോയുടെ വിടവാങ്ങൽ പ്രസംഗത്തിന്റെ അവസാനഘട്ടത്തിൽ, ''അൽപസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല. വീണ്ടും അൽപസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണും'' എന്ന വചനത്തിലൂടെ ഒളിച്ചുകളിക്കുന്ന ഒരു ദൈവത്തെയാണ് നമുക്ക് കാണുവാൻ സാധിക്കുക. ഇവിടെ 'അൽപസമയം' എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? കേവലം, നാലു വാക്യങ്ങളിലായി (16:16-19) ഏഴു പ്രാവശ്യം ആവർത്തിക്കുന്ന പദമാണ് 'അൽപസമയം' എന്നത്. ചുരുങ്ങിയ സമയം, കുറച്ചു സമയം എന്നൊക്കെയുള്ള അർത്ഥമാണ് ഈ പദപ്രയോഗത്തിനുള്ളതെന്ന് വ്യക്തമാണ്. എന്നാൽ, ഇവിടെ ഈ അൽപസമയം എന്നത് ഈശോയുടെ മഹത്വീകരണത്തിന്റെ സമയത്തെ പിതാവ് നിശ്ചയിച്ച സമയവുമായി ചേർത്തുവച്ചു വേണം നാം മനസ്സിലാക്കാൻ. 'അൽപസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല' എന്ന പരാമർശം, ഏതാനും മണിക്കൂറുകൾക്കുള്ളിൽ നടക്കുന്ന യേശുവിന്റെ മരണത്തെ സൂചിപ്പിക്കുന്നു. 'എന്നാൽ, വീണ്ടും അൽപസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണും' എന്ന പ്രസ്താവന, അവിടുത്തെ ഉത്ഥാനത്തെ സൂചിപ്പിക്കുന്നു. ഉത്ഥാനാനന്തരം ശിഷ്യർക്ക് പ്രത്യക്ഷപ്പെട്ടുകൊണ്ട് തന്റെ വാഗ്ദാനത്തെ അവിടുന്ന് സഫലീകരിക്കുകയാണ്.

ഒരുവന്റെ ജീവിതത്തിൽ നിന്ന് ദൈവം പടിയിറങ്ങിയാൽ ശേഷിക്കുന്നത് ശൂന്യത മാത്രമാണ്. യേശു ഇല്ലാത്ത ഒരു ജീവിതത്തെക്കുറിച്ചുള്ള ചിന്തയാണ് ശിഷ്യരെ കൂടുതൽ ആകുലരാക്കുന്നത്. യേശുവിനെക്കൂടാതെ, ജീവിക്കാൻ അവർ ശീലിച്ചിട്ടില്ല എന്നുള്ളതാണ് സത്യം. ജീവിതത്തിന്റെ പ്രകാശമായിരുന്നവൾ, കുടുംബത്തിന്റെ നെടുംതൂണായിരുന്നവൻ, പ്രാണനേക്കാൾ കൂടുതൽ സ്നേഹിച്ചവർ പെട്ടെന്നൊരുനാൾ വേർപിരിയുമ്പോൾ നാം അനുഭവിക്കുന്ന വേദന എത്രയോ അസഹനീയമാണ്. എന്നാൽ, ദൈവം തന്നെ ജീവിതത്തിൽ നിന്ന് പടിയിറങ്ങിപ്പോയാൽ മനുഷ്യൻ എന്തുചെയ്യും? ഈയൊരു ദുഃഖമാണ് ശിഷ്യരുടെ ജീവിതത്തിൽ നിഴലിക്കുന്നത്.

ഇന്നത്തെ സുവിശേഷത്തിൽ 20-ാം വാക്യത്തിൽ നാം ഇപ്രകാരം കാണുന്നു: ''സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും. എന്നാൽ, ലോകം സന്തോഷിക്കും. നിങ്ങൾ ദുഃഖിതരാകും; എന്നാൽ, നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും.'' പ്രിയപ്പെട്ടവരേ, ക്രിസ്തുവിനെ അനുഗമിക്കുന്നവർ പീഡിപ്പിക്കപ്പെടും. അതു കണ്ട് ലോകം ചിരിക്കും എന്ന ക്രിസ്തുവചനം അക്ഷരാർത്ഥത്തിൽ നിറവേറിയതായിട്ടാണ് ചരിത്രം നമ്മെ പഠിപ്പിക്കുക.

റോമൻ കൊളോസിയങ്ങളിലെ വിശന്നുവലയുന്ന ഹിംസ്രജന്തുക്കൾക്കു മുന്നിൽ ക്രിസ്ത്യാനികളെ എറിഞ്ഞുകൊടുത്ത് അവരുടെ മരണവെപ്രാളം കണ്ട് ചിരിക്കുക എന്നത് റോമാക്കാരുടെ ഇഷ്ടവിനോദമായിരുന്നു. തിളച്ച എണ്ണയിൽ ക്രിസ്ത്യാനികളെ ഇഞ്ചിഞ്ചായി താഴ്ത്തി പൊരിക്കുന്നതും അവരെ കുതിരക്കാലുകളിൽ കെട്ടി വലിച്ചുകീറുന്നതും ലോകത്തിന്റെ ഇഷ്ടവിനോദങ്ങളായിരുന്നു. ഇന്നും സഭയും സഭയുടെ സ്ഥാപനങ്ങളും ചെയ്യുന്ന നിസ്വാർത്ഥതയും ക്ലേശകരമായ സേവനപ്രവർത്തനങ്ങൾ പോലും നിരന്തര പരിഹാസത്തിനും അക്രമത്തിനും വിധേയമാക്കപ്പെടുമ്പോൾ യേശുവിന്റെ പ്രവചനം പൂർത്തീകരിക്കപ്പെടുകയാണ്.

ക്രിസ്തുവിന്റെ വേർപാടിനെ ഒരു സ്ത്രീയുടെ പ്രസവവേദനയോടാണ് തുലനം ചെയ്യുക. അവന്റെ കുരിശിലെ കൊടിയ പീഡകൾ അക്ഷരാർത്ഥത്തിൽ ഒരു പ്രസവവേദന തന്നെയാണ്. വിശ്വാസികളാകുന്ന നമുക്കോരോരുത്തർക്കും ജന്മം നൽകുന്ന, സഭയുടെ പിറവിക്കു നിദാനമാകുന്ന പ്രസവവേദന. ശിഷ്യസമൂഹം വിശ്വാസത്തിൽ വീണ്ടും ജനിക്കണമെങ്കിൽ അവന്റെ വേദനയുടെ മണിക്കൂർ സമാഗതമാകേണ്ടതുണ്ട്. തന്നെ ക്രൂശിക്കാൻ ആഗ്രഹിച്ചവരുടെ പീഡനങ്ങൾക്കുമുന്നിൽ ബലിയാടാകുന്ന നിസ്സഹായന്റെ മരണമായിട്ടല്ല, മറിച്ച് നിയതമായ ലക്ഷ്യബോധത്തോടും മുന്നൊരുക്കത്തോടും കൂടി സഭയ്ക്ക് ജന്മം നൽകുവാനുള്ള ദൈവീകപദ്ധതിയായിട്ടാണ് യേശുവിന്റെ മരണത്തെ സുവിശേഷകൻ അവതരിപ്പിക്കുക. തന്റെ കുരിശുമരണത്തിലൂടെ മനുഷ്യവംശത്തിന്റെ പാപക്കറകൾ കഴുകിക്കളഞ്ഞ് നമ്മെ വിശുദ്ധീകരിച്ച ദൈവത്തോട് നന്ദിയുള്ളവരാകാം. ഉത്ഥിതനായ ക്രിസ്തുവിലുള്ള വിശ്വാസത്തിൽ ആഴപ്പെടുവാനും അവനിൽ പ്രത്യാശ വച്ചുകൊണ്ട് ജീവിക്കുവാനും പിതാവായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും, ആമ്മേൻ.